# രസായന ചികിത്സ പ്രായോഗിക സമീപനങ്ങൾ

ഡോ. കെ. മഹേഷ് മേനോൻ

ആയുർവേദ ചികിത്സകളിൽ ഏറ്റവും ശ്രേഷ്ഠവും ഫലപ്രദവുമായി കണക്കാക്കുന്ന രസായനചികിത്സ (കായകല്പം) ശരീരത്തിന് ശ്രേഷ്ഠമായ മാർഗ്ഗങ്ങൾ നേടിയെടുക്കുവാനുള്ള മാർഗ്ഗമാണ്. ആഹാര-വിഹാര- ഔഷധാദികളിസൂടെ ജൈവശാസ്ത്രപരമായ ഒരു ശരീരപ്രവർത്തനമാണ് രസായനം കൊണ്ടുദ്ദേശിക്കുന്നത്.രസായന ചികിത്സയെപ്പറ്റി മനസ്സിലാക്കുവാനുള്ള ആധികാരികഗ്രന്ഥങ്ങൾ ചരക-സുശ്രുത-വാഗ്ഭട സംഹിതകളാണ്. പിന്നീട് വന്ന ഗ്രന്ഥങ്ങളിൽ ചില യോഗങ്ങൾ കൂട്ടിച്ചേർത്തിട്ടുണ്ട്.ഗ്രന്ഥങ്ങളിൽ മുഖ്യമായും രണ്ട് വിധത്തിലുള്ള പ്രയോഗരീതികൾ കാണുന്നു. കാറ്റും വെയിലുമേൽക്കാതെ ഒരു കുടി നിർമ്മിച്ച് അതിനുള്ളിൽ ഔഷധവും പത്ഥ്യാഹാരങ്ങളും മാത്രം സേവിച്ച് കുറച്ചുകാലം കഴിച്ചുകൂട്ടുന്ന കുടിപ്രാവേശികവിധിയാണ് ആദ്യത്തേത്. മറ്റൊന്ന് എല്ലാവിധ ആഹാരവിഹാരങ്ങളോടും ചേർത്തു പയോഗിക്കാവുന്ന അളവു കുറഞ്ഞ വാതാതപിക രൂപം. ഇവയിൽ ശ്രേഷ്ഠം കുടിപ്രാവേശികമായി കണക്കാക്കുന്നു.

കുടിപ്രാവേശിക വിധിയുടെ മുഖ്യപ്രശ്നം അത് നടപ്പിലാക്കുവാനുള്ള ക്ലേശമാണ്. ഈ ചികിത്സ നടത്തുമ്പോൾ സാധാരണ പ്രശ്നങ്ങൾ താഴെ പറയുന്നവയാണ്. 1. കുടിനിർമ്മാണത്തിന്റെ നിഷ്കർഷ 2. ചികിത്സക്ക് വിധേയനായ രോഗിയുടെ മാനസികാവസ്ഥ 3. ഗ്രന്ഥത്തിൽ പ്രസ്താവിച്ചിട്ടുള്ള ഫലസിദ്ധി ലഭിക്കായ്ക

ഇവിടെ മുഖ്യമായി വിസ്മരിക്കുന്ന കാര്യം വാഗ്ഭടാചാര്യൻ രസായനപ്രകരണം അവസാനിപ്പിക്കുന്നിടത്ത് പരാമർശിച്ചിട്ടുള്ള 'യുഗാനുരൂപാണി രസായനി' എന്ന ഗ്രന്ഥഭാഗമാണ്. കൃതയുഗത്തിലും ത്രേതായുഗത്തിലും മനുഷ്യൻ ഉപയോഗിച്ചിരുന്ന രസായനങ്ങൾ കലിയുഗത്തിൽ ഫലസിദ്ധികരമല്ല. ചരക-സുശ്രുതാദി സംഹിതകളിൽ കാണപ്പെടുന്ന പല രസായനങ്ങളും വാഗ്ഭടൻ ഒഴിവാക്കിയിരുന്നതിന് മുഖ്യ കാരണം ഇവ അക്കാലത്ത് പ്രസക്തമല്ല എന്നതാണ്. ഓരോ കാലഘട്ടങ്ങളിലും പ്രത്യേകകർമ്മങ്ങൾക്ക് അനുരൂപമായാണ് മനുഷ്യ ശരീരത്തിന്റെ ഘടന. ഋഷിമാർക്കും രാജാക്കന്മാർക്കും ആയുസ്സ് അധികമായി ആവശ്യമുണ്ടായിരുന്നു. ശിഷ്യവൃന്ദങ്ങൾ ജ്ഞാനികളായിത്തീരുന്നതുവരെ ജീവിക്കേണ്ടതായ സാഹചര്യവും ഇതിന് ആക്കം കൂട്ടി. യന്ത്രങ്ങളുടെ സഹായമില്ലാതിരുന്ന അക്കാലത്ത് കായികശേഷിയും അധികമായി ആവശ്യമായിത്തീർന്നു. കാലം കടന്നുപോകുന്നതിനനുസരിച്ച് ഇത്രയ്ക്ക് ആയുർദൈർഘ്യവും കായികശേഷിയും ആവശ്യമില്ലാതായിത്തീർന്നു. ക്രമത്തിൽ മനുഷ്യശരീരവും അതനുസരിച്ചുള്ള ഘടനയിലേയ്ക്കായിത്തീർന്നു.

കുടി നിർമ്മിക്കേണ്ട വിധം ഗ്രന്ഥങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ട്. വെയിലും കാറ്റും തട്ടാത്തതും മറ്റു ശല്യങ്ങളില്ലാത്തതും ശുചിത്വമുള്ളതും സൗകര്യപ്രദവുമായ ഒരു അന്തരീക്ഷം ഇതിനാവശ്യമാണ്. പശുക്കളും ഇടയന്മാരും വൃക്ഷലതാദികളും കൊണ്ട് പ്രകൃതിരമണീയമായ ഗ്രാമാന്തരീക്ഷമുള്ള അമ്പാടിയിലെ രസായനപ്രയോഗം കുടിയില്ലാതെ പ്രയോജനപ്രദമാകുന്നു എന്നു വാഗ്ഭടൻ പ്രസ്താവിക്കുമ്പോൾ ഭിത്തികളാൽ ഉണ്ടാക്കപ്പെട്ട ഒരു കുടുസ്സുമുറിയേക്കാൾ ഉപരിയാണ് ഈ സാങ്കല്പികമായ അന്തരീക്ഷം എന്ന തോന്നുന്നു. കുടി നിർമ്മാണത്തിൽ നിഷ്കർഷിച്ചിട്ടുള്ള വായുവിന്റെ സഞ്ചാരപ്രക്രിയ സൂക്ഷ്മമായി പരിശോധിച്ചാൽ ഏതാണ്ട് ഇന്നത്തെ എയർകണ്ടീഷനിങ്ങിന്റെ ഒരു പ്രാകൃതരൂപം പോലെ തോന്നും.

കുടിയിൽ ഔഷധസേവയും ആഹാരവുമായി കഴിയുന്ന രസായനവിധേയൻ ബാക്കി സമയങ്ങളിൽ എന്തു ചെയ്യണം എന്നത് ചിന്തിക്കേണ്ട വിഷയമാണ്. പാകലും രാത്രിയും തിരിച്ചറിയാതെ, കാറ്റും വെയിലുമേൽക്കാതെ, പകൽ സമയത്ത് ഉറങ്ങാതെ, ഒന്നും ചെയ്യുവാനോ ചിന്തിക്കുവാനോ ഇല്ലാതെ ഏറെനാൾ ചിലവഴിക്കുകയെന്നത് അത്യന്തം സാഹസികമാണ്. അടുത്ത കാലത്തായി ഈ ചികിത്സയ്ക്ക് വിധേയനായ ഒരു വിദേശി ദേഹത്ത് എന്തൊക്കെയോ ഇഴയുന്നതായി തോന്നുന്നതായും മാലാഖമാരെ കാണുന്നതായുമെല്ലാം അനുഭവപ്പെട്ടതായിപ്പറഞ്ഞിട്ടുണ്ട്. കാലഘട്ടത്തിന്റെ വ്യത്യാസം കുറച്ചൊക്കെ ഇതിൽ പ്രകടമാണ്. തീവ്രമായ തപഃശ്ശക്തിയും ഇന്ദ്രിയ നിഗ്രഹവും നേടിയ ഋഷിതുല്യരായവർ അനുഷ്ഠിച്ചിരുന്ന വിധി അതേപടി സാധാരണക്കാർക്ക് കഴിഞ്ഞെന്നു വരികയില്ല.

വാതാതപിക രസായനത്തെപ്പറ്റിപറയുമ്പോൾ പ്രയോഗവിധി വളരെ ലളിതവും ഇപ്പോഴത്തെ കാലത്തും ഫലസിദ്ധികരവുമാണ്. ഇത് ദഹനശക്തിക്കനുസരിച്ച് ഉപയോഗിക്കുകയാണ് പതിവ്. ചില രസായനങ്ങൾ ഒരു ടീ സ്പൂൺ കഴിച്ച് മീതെ പാലു കുടിക്കുവാൻ വൈദ്യന്മാർ നിർദ്ദേശിക്കുന്നത് ഈ രീതിയെ അവലംബിച്ചാണ്. ഔഷധരൂപത്തിൽ പ്രയോഗിക്കപ്പെടുന്ന ഈ രീതി കുടിപ്രാവേശികവിധിയുമായി താരതമ്യം ചെയ്യുമ്പോൾ ഹീനമാത്ര (കുറഞ്ഞ അളവ്) ആയതിനാൽ ആപേക്ഷികമായി ഫലസിദ്ധി കുറഞ്ഞതായി കണക്കാക്കുന്നു. കുടിപ്രാവേശിക വിധിയിൽ ഭക്ഷണരൂപത്തിലാണ് രസായനമെങ്കിൽ വാതാതപികത്തിൽ ഇത് ഔഷധരൂപത്തിൽ മാത്രമാണ്.

ഇങ്ങനെ ചിന്തിക്കുമ്പോൾ കുടിപ്രാവേശികത്തിന്റെ ക്ലേശമില്ലാത്തതും വാതാതപികപ്രയോഗത്തിന്റെ ഹീനമാത്രയല്ലാത്തതുമായ ഒരു പരിഷ്കരിച്ച രീതി പ്രത്യേക പ്രാധാന്യമർഹിക്കുന്നു. കേരളീയ ചികിത്സാരീതികളുടെ സരളഭാവങ്ങൾ മാത്രം ഉപയോഗപ്പെടുത്തിയിട്ടുള്ള ടൂറിസം രംഗത്ത് വരും കാലങ്ങളിൽ കുടികൾ പണിത് വിദേശികളെ അതിനകത്തിരുത്തി സുഖികളാക്കിതീർക്കുമ്പോൾ ഒരു മഹത്തായ ചികിത്സാ രീതിയുടെ പതനമായി ഇതിനെ കണക്കാക്കാതിരിക്കുവാൻ ശാസ്ത്രീയമായ പഠനങ്ങളും പ്രായോഗികമായ രീതികളും കൊണ്ടുവരേണ്ടത് അനിവാര്യമാണ്.

*ആയുർവേദ സഹകരണ ആശുപത്രി, കാനാട്ടുകര, തൃശ്ശൂർ*